# ഹൗസിംഗ് സർവ്വെ 2016-17 സംഗ്രഹം

1. മനുഷ്യന്റെ ആവാസ പ്രശ്നങ്ങൾ പല തലത്തിലാണ്. അവ വ്യക്തികൾ തമ്മിലും ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കും പ്രത്യേകിച്ചും രാജ്യങ്ങൾ തമ്മിലും വലിപ്പത്തിലും മേന്മയിലും വ്യത്യാസ പ്പെട്ടിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ അവർക്ക് ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് അവരുടെ വീടുകൾ നിർമ്മിക്കുന്നതിന്റെ ഫലമായി അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം, വൃത്തിഹീനമായ പരിസരങ്ങൾ, ശുദ്ധജലത്തിന്റെ ദൗർലഭ്യം, കൂടാതെ ശരിയായ ശുചീകരണത്തിന്റെ അപര്യാപ്തത എന്നിവ മൂലം വീടുകളുടെ അവസ്ഥ വളരെ ശോചനീയമായിത്തീരുന്നു.
2. ഭൂപരിഷ്കരണം മുതൽ കേരളത്തിൽ പ്രത്യേക വികസന നടപടികൾ സർക്കാർ നടപ്പാക്കിയി ട്ടുള്ളതിനാൽ ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പാർപ്പിട സൗകര്യ മാണ് കേരളത്തിലുള്ളത്. കേരളത്തിന്റെ പദ്ധതി ആസൂത്രണത്തിൽ 'ലക്ഷം വീട്' പദ്ധതിയിലൂടെ വലിയ പുരോഗതി ഉണ്ടാവുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാർവത്രിക പാർപ്പിട പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങൾ സർക്കാരിന്റെ പാർപ്പിട പദ്ധതിയുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തി യിട്ടുണ്ട്. നിർഭാഗ്യവശാൽ സംസ്ഥാനത്തിന്റെ ഈ ഇടപെടലുകളുടെ നേട്ടങ്ങൾ ഗ്രാമപ്രദേശ ങ്ങളിൽ പ്രത്യേകിച്ചും ആദിവാസി, തീരദേശ മേഖലകളിൽ ജീവിക്കുന്നവർക്ക് പൂർണ്ണമായും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന സംശയം നിലനിൽക്കുന്നു.
3. India Strengthening Statistical Project (ISSP) MoSPI യുടെ ഭാഗമായി കേരളത്തിന്റെ പാർപ്പിട മേഖലയിൽ ഒരു സർവ്വെ നടത്താൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഗവൺമെന്റിലേയ്ക്ക് ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും G.O (Rt) No.417/16/plg dtd. 04/11/2016 പ്രകാരം പ്രൊപ്പോസൽ അംഗീകരിക്ക കയും ചെയ്തിട്ടുണ്ട്. അതേ സമയം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പുതിയ ക്ഷേമ സമിതി യാണ് Kerala LIFE (LIFE stands for 'Livelihood Inclusion Financial Empowerment). ലൈഫ് മിഷൻ കേരളയ്ക്ക് ഡേറ്റ പിന്തുണ നൽകുന്നതിനായി ഗവൺമെന്റ് നിർദ്ദേശം നൽകിയത് പ്രകാരം LIFE മിഷന്റെ ലക്ഷ്യങ്ങൾക്ക് കൂടി ഉതകുന്ന തരത്തിലാണ് സർവ്വെ നടത്തിയിട്ടുള്ളത്.
4. സർവ്വെ നടത്താനായി മൂന്ന് മാസം മാത്രമേ സമയം അനുവദിച്ചിരുന്നുള്ളൂ. (ഒക്ടോബർ 2016 – ഡിസംബർ 2016) സമയപരിമിതി മൂലം, ഭൂപ്രകൃതിക്ക് പ്രാധാന്യം നൽകി കൊണ്ട് അതായത് മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മേഖലകളുടെ അടിസ്ഥാനത്തിൽ വയനാട്, തൃശ്ശൂർ, കൊല്ലം എന്നീ 3 ജില്ലകളിൽ മാത്രമേ സർവ്വെ നടത്താൻ കഴിഞ്ഞിട്ടുള്ളൂ. ആദിവാസികളെക്കൂടി ഉൾപ്പെടുത്തുന്നതിന് വേണ്ടിയാണ് മലയോരമേഖലയിൽ വയനാട് ജില്ലയെ തെരഞ്ഞെടുത്തത്. മറ്റ് രണ്ട് ജില്ലകളിൽ തൃശ്ശൂർ മധ്യമേഖലയിലും കൊല്ലം തീരദേശമേഖലയുമായാണ് പരിഗണിച്ചിരിക്കുന്നത്.
5. തെരഞ്ഞെടുത്ത 3 ജില്ലകളിലെ 177 പഞ്ചായത്തുകളിൽ നിന്നും 38 ഗ്രാമപഞ്ചായത്തുകളെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുകയും രണ്ടാംഘട്ടത്തിൽ അവയിൽ നിന്നും 136 വാർഡുകളെ തെരഞ്ഞെടുക്കുകയും ആ വാർഡുകളിലെ മുഴുവൻ വീടുകളും വിശദമായി സർവ്വെ ചെയ്യുക

യുമാണ് ചെയ്തിട്ടുള്ളത്. അങ്ങനെ 57,517 വീട്ടുകളിൽ നിന്നും പ്രാഥമിക വിവരശേഖരണം നടത്തുകയും ഓൺലൈൻ ഡേറ്റ എൻട്രി വഴി സംഗ്രഹിക്കുകയും ചെയ്തു.

**<u>സർവ്വെ കണ്ടെത്തലുകൾ</u>**

1. പഠനം നടത്തിയ 57,517 സാമ്പിൾ വീടുകളിലായി 63,551 കുടുംബങ്ങൾ താമസിക്കുന്നു. അതായത് 100 വീടുകളിൽ 110 കുടുംബങ്ങൾ. പഠനം നടത്തിയ 3 മേഖലകളിൽ മലയോര മേഖലയിലാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾ ഉള്ളത്. അതായത് 100 വീടുകളിൽ 114 കുടുംബങ്ങൾ (91% വീടുകളിൽ ഒരു കുടുംബം വീതവും 9% വീടുകളിൽ ഒന്നിൽ കൂടുതൽ കുടുംബവും താമസിക്കുന്നു) (പട്ടിക 2.1 കാണുക).
2. 15% കുടുംബങ്ങൾ ഭവനരഹിതരാണ്. അതിൽ 11% വീടും സ്ഥലവും ഇല്ലാത്തവരും 4% സ്വന്ത മായി സ്ഥലം ഉണ്ടെങ്കിലും വീടില്ലാത്തവരുമാണ് എന്നാണ് സർവ്വെയുടെ മറ്റൊരു കണ്ടെത്തൽ. ഏറ്റവും കൂടുതൽ ഭവനരഹിത കുടുംബങ്ങൾ ഉള്ളത് തീരദേശമേഖലയിലും (17.5%) മലയോര മേഖലയിലും (17.2%) ആണെന്നാണ് മേഖല തിരിച്ചുള്ള പഠനങ്ങൾ കാണിക്കുന്നത്. മറ്റ് രണ്ട് മേഖലകളെ അപേക്ഷിച്ച് മധ്യമേഖലയിൽ ഭവനരഹിതർ കുറവാണ് (12.4%) (പട്ടിക 2.3 കാണുക)
3. പഠനം നടത്തിയ വീടുകളിൽ 5.7% വീടുകളിൽ സ്ത്രീകൾ മാത്രമാണുള്ളത്. ഇതിൽ 6.7% ഭവന രഹിതരാണ്. (സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങളിൽ, 5.2% ഒരു അംഗം മാത്രം ഉള്ളവയും 8.4% രണ്ടും അതിൽ കൂടുതൽ അംഗങ്ങൾ ഉള്ളവയും ആണ്) (പട്ടിക 2.5, സ്റ്റേറ്റ്മെന്റ് 3.5 കാണുക)
4. സ്ത്രീകൾ മാത്രമുള്ള പട്ടിക വർഗ്ഗ കുടുംബങ്ങളിൽ ഭവനരഹിതർ 5.4% ഉം, പട്ടികജാതിയിൽ ഭവനരഹിതൽ 8.3% ഉം ആണ്. അതായത് സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങളിൽ ഭവന രഹിതർ കൂടുതൽ പട്ടികവർഗ്ഗത്തേക്കാൾ പട്ടികജാതിയിലാണ്. (പട്ടിക 2.5 കാണുക)
5. പഠന പ്രകാരം 3.1% കുടുംബങ്ങളിൽ ഒറ്റ സ്ത്രീ മാത്രമാണ് താമസിക്കുന്നത്. അതിൽ 5.2% ഭവനരഹിതരാണ്. എന്നിരുന്നാലും പട്ടികവർഗ്ഗവിഭാഗത്തിൽ ഒറ്റ സ്ത്രീ മാത്രമുള്ള കുടുംബങ്ങളിൽ ഭവനരഹിതർ ആരും തന്നെ ഇല്ല. പക്ഷേ പട്ടികജാതി വിഭാഗത്തിൽ ഇത് 6.6% ആണ്. (പട്ടിക 2.5, സ്റ്റേറ്റ്മെന്റ് 3.5 കാണുക)
6. പഠനം നടത്തിയ ആകെ കുടുംബങ്ങളിൽ 4.6% പേർ റേഷൻ കാർഡ് ഇല്ലാത്തവരും അവരിൽ 29% പേർ ഭവനരഹിതരുമാണ്. ഭവനരഹിതരെ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ 11.9% പേർ APL കാർഡ് ഉള്ളവരും 17.8% പേർ BPL കാർഡ് ഉള്ളവരുമാണ്. (സ്റ്റേറ്റ്മെന്റ് 3.4 കാണുക)
7. റേഷൻ കാർഡില്ലാത്ത ഭവനരഹിത കുടുംബങ്ങളിൽ 19.2% പേർ പട്ടിക വർഗ്ഗം, 36.9% പട്ടിക ജാതി, 31.1% മറ്റ് പിന്നോക്ക വിഭാഗം, 24.4% പേർ മറ്റുള്ളവർ എന്നീ വിഭാഗത്തിൽപെടുന്നു. (പട്ടിക 2.4 കാണുക)
8. പട്ടികവർഗ്ഗ വിഭാഗത്തിലെ APL റേഷൻ കാർഡ് ഉടമകളിൽ 15% വും BPL റേഷൻ കാർഡ് ഉടമകളിൽ 13.7% ഉം ഭവനരഹിതരാണ്. (പട്ടിക 2.4 കാണുക)
9. സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന ഭവനരഹിതരായ പട്ടികജാതിക്കാരിൽ 84.6% ഭൂരഹിതരാണ്. അതേസമയം മത്സ്യതൊഴിലാളിവിഭാഗക്കാരിൽ ഇത് 86.3% ആണ്. (പട്ടിക 2.7, 2.9 കാണുക)
10. ഭവന രഹിതരായ കുടുംബങ്ങളിൽ, 71.8% പട്ടികവർഗ്ഗം, 81.3% പട്ടികജാതി, 77.7% മറ്റ് പിന്നോക്ക സമുദായം, 68.5% മറ്റുസമുദായം എന്നിവയിൽപ്പെട്ടവരും, കൂടാതെ 86.3% മത്സ്യതൊഴിലാളികളും ഭൂരഹിതരാണ്. (പട്ടിക 2.7, 2.9 കാണുക)

11. ഭവനരഹിത കുടുംബങ്ങളിൽ മലയോരമേഖലയിലെ 58.4%, മധ്യമേഖലയിലെ 71.6%, താണമേഖലയിലെ 82.4%, തീരദേശമേഖലയിലെ 86.5% കുടുംബങ്ങളും ഭൂരഹിതരാണെന്നാണ് മേഖല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് (പട്ടിക 2.22 കാണുക)

12. പട്ടികവർഗ്ഗ വിഭാഗത്തിൽ മലയോര മേഖലയിലെ 72.1% മധ്യമേഖലയിലെ 66.7% പട്ടികജാതി വിഭാഗത്തിൽ മലയോരമേഖലയിലെ 73.8%, മധ്യമേഖലയിലെ 78.8%, താണമേഖലയിലെ 83.2%, തീരദേശ മേഖലയിലെ 88.7% കുടുബങ്ങളും ഭൂരഹിതരാണ്. (പട്ടിക 2.22 കാണുക)

13. മലയോരമേഖലയിലെ 9.2% മധ്യമേഖലയിലെ 19%, താഴ്ന്നമേഖലയിലെ 19.6% തീരദേശ മേഖലയിലെ 33.6% ഭവനരഹിത കുടുംബങ്ങളും 4 സെന്റോ അതിൽ താഴെയോ മാത്രം ഭൂമിയുള്ളവരാണ്. (പട്ടിക 2.23 കാണുക)

14. ഭവനരഹിത പട്ടികവർഗ്ഗ വിഭാഗത്തിൽ മലയോര മേഖലയിലെ 17.5% കുടുംബങ്ങളും 4 സെന്റോ അതിൽ താഴെയോ മാത്രം ഭൂമിയുള്ളവരാണ്. എന്നാൽ മലയോരമേഖലയിലെ പട്ടികജാതി ക്കാരിൽ ഇത് 4.8% ആണ്. മലയോരമേഖലയിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരേക്കാൾ പട്ടികജാതി വിഭാഗക്കാർക്കാണ് സ്വന്തമായി കൂടുതൽ ഭൂമി ഉള്ളത്. (പട്ടിക 2.23 കാണുക)

15. പഠനം നടത്തിയ 57,517 വീടുകളിൽ (32% വീടുകളിൽ) 0–15 പ്രായപരിധിയിൽപെടുന്ന പെൺകുട്ടികൾ ഉണ്ടെന്നാണ് റിപ്പോർട്ട്. 18,258 സാമ്പിൾ വീടുകൾ സർവ്വെ ചെയ്തതിൽ 0–15 പ്രായപരിധിയിലുള്ള 23,699 പെൺകുട്ടികൾ ഉണ്ടെന്ന് കണ്ടെത്തി. (പട്ടിക 1.11, സ്റ്റേറ്റ്മെന്റ് 2.5 കാണുക)

16. വീടുകളുടെ ശരാശരി വിസ്തീർണ്ണം 830.7 ചതുരശ്ര അടിയാണെന്നും പട്ടികജാതി (563.3 sq.feet) മറ്റ് പിന്നോക്ക വിഭാഗം (849.5 sq.feet) മറ്റുള്ളവർ (922.3 sq.feet) എന്നിവരുടേതിനെ അപേക്ഷിച്ച് പട്ടികവർഗ്ഗത്തിന്റെ വീടുകളുടെ വിസ്തൃതി വളരെ കുറവാണ് (415.7 sq.feet) എന്നും പഠനത്തിൽ കണ്ടെത്തി. (പട്ടിക 1.10 കാണുക)

17. മലയോര മേഖലയിൽ റേഷൻ കാർഡ് ഉടമകളിൽ 51.1% APL വിഭാഗത്തിലും 34.4% BPL വിഭാഗത്തിലും ഉൾപ്പെടുന്നു. മധ്യമേഖലയിൽ റേഷൻ കാർഡ് ഉടമകളിൽ 60.3% APL വിഭാഗ ത്തിലും, 33.9% BPL വിഭാഗത്തിലും താഴ്ന്നമേഖലയിൽ 58.4% APL വിഭാഗത്തിലും, 36.6% BPL വിഭാഗത്തിലും ഉൾപ്പെടുന്നു. കൂടാതെ തീരദേശമേഖലയിൽ ഇവരിൽ 50.5% APL വിഭാഗത്തിലും, 44.9% BPL വിഭാഗത്തിലും ഉൾപ്പെടുന്നു. (പട്ടിക 1.1 കാണുക)

18. ഒറ്റമുറി മാത്രമുള്ള വീടുകളിൽ 23.2% വീടുകൾ പട്ടികവർഗ്ഗക്കാരുടേതും, 19.5% പട്ടികജാതിക്കാരു ടേതും, 42.6% മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടേതുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 3.1 കാണുക)

19. മലയോരമേഖലയിലെ ഏകദേശം 9% വീടുകൾ വൈദ്യുതീകരിക്കാത്തവയാണ്. മലയോര മേഖലയിലെ പട്ടികവർഗ്ഗ ഭവനങ്ങളിൽ 32% ഉം പട്ടികജാതി ഭവനങ്ങളിൽ ഏകദേശം 3.1% ഉം വൈദ്യുതികരിക്കാത്തവയാണ്. (പട്ടിക 3.38 കാണുക)

20. സ്ത്രീകൾ മാത്രമുള്ള വീടുകളിൽ 3% വൈദ്യുതീകരിക്കാത്തവയാണ്. ഇത് മലയോര മേഖലയിൽ 15% വും പട്ടികവർഗ്ഗ വിഭാഗത്തിൽ 26% വും ആയി കാണുന്നു.

21. പഠനം നടത്തിയ ആകെ വീടുകളിൽ 19.2% വീടുകൾ വൃദ്ധജനങ്ങൾ ഉള്ളവയാണ് ഇതിൽ 1.8% പട്ടികവർഗ്ഗം, 7.8% പട്ടികജാതി, 54.2% മറ്റ് പിന്നോക്കം, 36.3% മറ്റുള്ള വിഭാഗങ്ങളിലുംപെടുന്നു. (പട്ടിക 3.14 കാണുക)

22. സ്ത്രീകൾ മാത്രമുള്ള വീടുകളിൽ ഏകദേശം 23% വീടുകൾ വൃദ്ധജനങ്ങൾ ഉള്ളവയാണ് ഇതിൽ 1.8% പട്ടികവർഗ്ഗം, 10.3% പട്ടികജാതി, 52.4% മറ്റ് പിന്നോക്കം, 35.5% മറ്റുള്ള വിഭാഗങ്ങളിലും ആണ് ഉള്ളത്. (പട്ടിക 3.15 കാണുക)

23. വയോധികർ താമസിക്കുന്ന വീടുകളിൽ 16.7% വീടുകൾ അവർക്കായി പ്രത്യേകം മുറി ഇല്ലാത്തവയാണ്. വയോജനങ്ങൾക്ക് പ്രത്യേകമായി മുറി ഉള്ള 83.3% വീടുകളിൽ 27.8% ബാത്ത് അറ്റാച്ച്ട് മുറികൾ ഉള്ളവയാണ്.

24. വീടിന്റെ മുൻവശത്തും പിൻവശത്തും ബലമുള്ള വാതിലുകൾ നിർമ്മിക്കുന്നത് സ്ത്രീകളുടേയും കുട്ടികളുടെയും സുരക്ഷയെ ഉറപ്പാക്കുന്നതിനാണ്. ഭൂരിഭാഗം വീടുകളും ബലമുള്ള വാതിലോ ജന്നലോ ഇല്ലാത്തവയാണ് എന്നാണ് പഠനം കാണിക്കുന്നത്. ആകെയുള്ള വീടുകളിൽ മലയോരമേഖല 25.2%, മധ്യമേഖല 17.6%, താഴ്ന്നമേഖല 13.4%, തീരദേശമേഖല 17.2% വീടുകളും ബലമുള്ള വാതിലുകൾ ഇല്ലാത്തവയാണ്. മത്സ്യതൊഴിലാളി കുടുംബങ്ങളിൽ 18.2% വീടുകൾ ബലമുള്ള വാതിലുകൾ ഇല്ലാത്തവയാണ്. (പട്ടിക 3.25, 3.29 കാണുക)

25. സ്ത്രീകൾ മാത്രമുള്ള വീടുകളിൽ 25.8% വീടുകളിൽ എല്ലാ മുറികളിലും വാതിലുകൾ ഇല്ലാത്തവയും 12% വീടുകളിൽ കുളിമുറികളിൽ ശരിയായ വാതിലുകൾ ഇല്ലാത്തവയും 25.1% വീടുകളിൽ മുന്നിലും പിന്നിലും ബലമുള്ള വാതിലുകൾ ഇല്ലാത്തവയും 22% വീടുകൾ ജന്നൽപാളികൾ ഇല്ലാത്തവയുമായ വീടുകളുമാണ്. പട്ടികവർഗ്ഗം 59.6%, പട്ടികജാതി 51.3% വീടുകൾ ഉറപ്പുള്ള വാതിലുകൾ ഇല്ലാത്തവ യാണ്. ഈ വിഭാഗങ്ങളുടെ വീടുകളുടെ ഗുണനിലവാരത്തിലുള്ള ശോചനീയാവസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്. (പട്ടിക 3.28 കാണുക)

26. അടുക്കളകളുടെ അവസ്ഥയെക്കുറിച്ചുള്ള പഠനവിവരം കാണിക്കുന്നത് 67.2% വീടുകൾക്ക് പ്രത്യേകം കുടിവെള്ള പൈപ്പ് ഉള്ള അടുക്കളകൾ ഉണ്ടെന്നാണ്. 29.9% വീടുകൾ കുടിവെള്ള പൈപ്പ് ഇല്ലാത്ത, വീടിനോട് ചേർന്നുള്ള അടുക്കള ഉള്ളവയാണ്. 2.8% വീടുകൾ പ്രത്യേകം അടുക്കള ഇല്ലാത്തവയാണ്. (പട്ടിക 3.16 കാണുക)

27. സർവ്വെ നടത്തിയ വീടുകളിലെ APL റേഷൻ കാർഡ് ഉടമകളിൽ 53% LPG ഉപയോഗിക്കുന്നവരും 47% വിറക് ഉപയോഗിക്കുന്നവരുമാണെന്നാണ് പാചക ഇന്ധന ഉപഭോഗത്തെക്കുറിച്ചുള്ള പഠന വിവരം കാണിക്കുന്നത്. BPL കാർഡ് ഉടമകളിൽ 65% വിറകും 35% LPG യും ഉപയോഗിക്കുന്ന വരാണ്. അന്ത്യോദയ കാർഡ് ഉടമകളിൽ 83% വീടുകളിലും വിറകാണ് പാചക ഇന്ധനമായി ഉപയോഗിക്കുന്നത്. (സ്റ്റേറ്റ്മെന്റ് 4.13 കാണുക)

28. മലയോരമേഖലയിലെ പട്ടികവർഗ്ഗക്കാരിൽ 19% ശൗചാലയം ഇല്ലാത്തവരും 31.5% സ്വന്തമായി കുളിമുറി ഇല്ലാത്തവരുമാണെന്നാണ് പഠനം കാണിക്കുന്നത്. 1.3% കുടുംബങ്ങൾ പല കാരണ ങ്ങളാൽ സ്വന്തം ശൗചാലയം ഉപയോഗിക്കുന്നില്ല. മത്സ്യതൊഴിലാളി കുടുംബങ്ങളിൽ 1.6% ശൗചാലയം ഇല്ലാത്തവരും 2.7% കുളിമുറി ഇല്ലാത്തവരുമാണ്. (പട്ടിക 3.3, 3.5, 3.9, 3.1 കാണുക)

**ഡയറക്ടർ (എസ്.ഡി.ആർ.ടി)**

എഎ 22/09